(ഡി) & (ഇ) ഇത്തരം നിർദ്ദേശം വിശദമായ പഠനത്തിനുശേഷം മാത്രമേ സാദ്ധ്യമാകു.

(എഫ്) ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ നടത്തിയ പഠനത്തിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽനിന്നും 26,864/- രൂപ ചെലവഴിച്ചിട്ടുണ്ട്.

15 (*135) തിരുവല്ല ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ്

<u>ശ്രീ. മാമ്മൻ മത്തായി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീഡിത വ്യവസായ കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുള്ള തിരുവല്ല ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽ എന്ന സ്ഥാപനം പുനരുജ്ജീവിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഉല്പാദിപ്പിച്ചിട്ടുള്ള മൂന്ന് കോടിയോളം രൂപ വിലവരുന്ന വിദേശമദ്യം വിറ്റഴിക്കുവാൻ കഴിയാതെ വന്നിട്ടുള്ളതു മൂലം തൊഴിലാളികൾക്ക് ശംബളം നൽകുന്നതിനുവരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്റ്റോക്ക് ചെയ്തിട്ടുള്ള വിദേശമദ്യം ബിവറേജസ് കോർപ്പറേഷനെക്കൊണ്ട് ഏറ്റെടുപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി സുശീലാ ഗോപാലൻ)</u> :

(എ) പീഡിത വ്യവസായമായി പ്രഖ്യാപിച്ച ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസിനെ വി.ഐ.എഫ്. ആറിന് റഫർ ചെയ്തിരിക്കുകയാണ്. പുനരുദ്ധാരണത്തിന്റെ ഭാഗമായി നിരവധി ആശ്വാസങ്ങളും ആനുകൂല്യങ്ങളും 2-2-1999 ലെ ജി.ഒ.(എം.എസ്)21/99/വ്യവ. പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ വായ്പയായി കമ്പനിക്കു നൽകിയ 65 ലക്ഷം രൂപ ഇക്വിറ്റി ഓഹരി മൂലധനമായി മാറ്റുകയും അതിന്റെ പലിശ ഒഴിവാക്കുകയും ചെയ്തു. സെന്റ്ഫി ഇനത്തിൽ സർക്കാരിന് ലഭിക്കാനുണ്ടായിരുന്ന 115.04 ലക്ഷം രൂപ ഒഴിവാക്കുകയുണ്ടായി. വിൽപ്പന നികുതിയിനത്തിൽ കമ്പനി സർക്കാരിന് നൽകുവാനുണ്ടായിരുന്ന തുക 2000-2001 മുതൽ 7 തവണകളായി അടയ്ക്കുന്നതിന് അനുമതി നൽകി. കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുവാനുള്ള 17 ലക്ഷം രൂപ മൂന്നു തവണകളായി അടയ്ക്കുന്നതിനും ടി തുകയുടെ പലിശ ജി.ഐ.എഫ്.ആർ. പാറ്റേണിനു വിധേയമായി നൽകുവാനും സർക്കാർ അനുമതി നൽകി. എക്സൈസ് എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ആയ 7.70 ലക്ഷം രൂപ 1999 മാർച്ച് മുതൽ പലിശ രഹിതമായി നൽകുവാൻ അനുമതി നൽകി. എക്സൈസ് ഇനത്തിൽ സർക്കാരിന് ലഭിക്കുവാനുള്ള 1414.50 ലക്ഷം രൂപ വകുപ്പു തലത്തിൽ പരിശോധന നടത്തി നടപടി കൈക്കൊള്ളുന്നതിന് അനുമതി നൽകി. തൽഫലമായി ടി തുക 14 ലക്ഷം രൂപയായി കുറഞ്ഞു. 251.82 ലക്ഷം രൂപ കമ്പനിയിൽ സ്വയം വിരമിക്കൽ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി വായ്പയായി നൽകുകയും അതിന്റെ ഫലമായി 230 തൊഴിലാളികൾ പിരിഞ്ഞുപോവുകയും ശമ്പളത്തിൽ താരതമ്യമായി കുറയുകയും ചെയ്തു. ടി വായ്പ പിന്നീട് ഗ്രാന്റായി മാറ്റിയിട്ടുണ്ട്. കൂടാതെ കമ്പനിയുടെ പഴയ ഷുഗർപ്ലാന്റും മെഷിനറിയും വിൽക്കുവാൻ നടപടി സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസിൽ ഇപ്പോൾ വിദേശമദ്യം കെട്ടിക്കിടപ്പില്ല.

(സി) നേരത്തേതന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്.

16 (*136) കെൽട്രോൺ റെക്ടിഫയേഴ്സിന് നൽകിയ സഹായം

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. കെ. ബാബു :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോൺ റെക്ടിഫയേഴ്സിന് ഈ ഗവൺമെന്റ് എന്ത് തുകയുടെ സഹായം നൽകിയിട്ടുണ്ട്;

(ബി) ഈ തുക എന്തിനെല്ലാം വിനിയോഗിച്ചു;

(സി) ഈ സ്ഥാപനം ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണിയെ നേരിട്ടു കൊണ്ടിരിക്കുകയാണോ;

(ഡി) ഈ സ്ഥാപനത്തെ രക്ഷിക്കുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കെൽട്രോൺ റെക്ടിഫയേഴ്സിന് ഈ ഗവൺമെന്റ് കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡു വഴി പ്രവർത്തനമൂലധന വായ്പയായി 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) ഈ തുക കമ്പനിയുടെ താൽക്കാലിക പ്രവർത്തനത്തിനാണ് വിനിയോഗിച്ചത്.

(സി) കമ്പനി അടച്ചുപൂട്ടാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കാനും ജൂലൈ 23-നകം ബന്ധപ്പെട്ട തെളിവു സഹിതം സമർപ്പിക്കാനും 2000 ജൂൺ 11- ന് ബി.ഐ.എഫ്.ആർ. ഉത്തരവിട്ടിരിക്കുകയാണ്.

(ഡി) ഹ്രസ്വകാല പ്രവർത്തന മൂലധനമായി 10 ലക്ഷം രൂപയുടെ വായ്പ വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നും ഇപ്പോൾ നൽകിയിട്ടുണ്ട്. കമ്പനിയുടെ പുനരുദ്ധാരണത്തിനുവേണ്ടി സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബി.ഐ.എഫ്.ആറിന്റെ അടുത്ത ഹിയറിംഗിൽ ഇത് അംഗീകരിക്കുന്നതിന് അപേക്ഷിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

17 (*137) കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly